“ഭരണഭാഷ-മാതൃഭാഷ”

നമ്പർ: **KTDS/420/2025-A**

ഡയറക്ടറേറ്റ് ഓഫ് കിർടാഡ്സ്
കോഴിക്കോട്- **673 017**
ഫോൺ നമ്പർ: **0495 2356805**
ഇ-മെയിൽ: **kirtads@gmail.com**
kirtads@kerala.gov.in
തീയ്യതി: **10-06-2026**

താല്പ്പര്യപത്രം

വകുപ്പിന്റെ പേര് :	ഡയറക്ടറേറ്റ് ഓഫ് കിർടാഡ്സ്
താല്പ്പര്യപത്രം സമർപ്പിക്കുന്നതിനുള്ള അവസാന തീയതി	**24/06/2026 - 11 AM**
താല്പ്പര്യപത്രം തുറക്കുന്ന തീയതി	**24/06/2026 - 3.00PM**

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിസർച്ച് ട്രെയിനിംഗ് ആന്റ് ഡെവലപ്പ്മെന്റ് സ്റ്റഡീസ് ഓഫ് ഷെഡ്യൂൾഡ് കാസ്റ്റ്സ് ആൻഡ് ഷെഡ്യൂൾഡ് ട്രൈബ്സ് (കിർടാഡ്സ്), ചേവായൂർ, കോഴിക്കോട് -17 ല് വച്ച് "**Entrepreneurship Awareness Programme for ST Youths**" എന്ന പദ്ധതിയുടെ ഭാഗമായി വകുപ്പിൽവച്ച് **50** പേർക്ക് രണ്ട് ദിവസത്തെ "ജ്വല്ലറി വർക്കിൽ' റസിഡൻഷ്യൽ ട്രയിനിങ് നടത്തുന്നതിലേക്ക് പ്രസ്തുത മേഖലയിൽ വൈദഗ്ദ്യമുള്ളവരിൽനിന്നും താല്പ്പര്യപത്രം ക്ഷണിക്കുന്നു.

നിബന്ധനകൾ

–

1. റസിഡൻഷ്യൽ ട്രയിനിങ് പൂർണ്ണമായും കിർടാഡ്സ് വകുപ്പ് ക്യാമ്പസിൽ വച്ച് നടത്തേണ്ടതാണ്. പരിപാടിയിൽ പങ്കെടുക്കുന്ന **50** പേരെ **2** ദിവസം ജ്വല്ലറി വർക്ക് പരിശീലിപ്പിക്കുന്നതിന് ആവശ്യമായ തുക താല്പ്പര്യപത്രത്തിൽ കാണിച്ചിരിക്കേണ്ടതാണ്.
2. അപേക്ഷകർക്ക് ബന്ധപ്പെട്ട മേഖലയിൽ പ്രാവീണ്യവും മുൻപരിചയവും ഉണ്ടായിരിക്കണം. പ്രസ്തുത കാര്യം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ താല്പ്പര്യപത്രത്തോടൊപ്പം സമർപ്പിക്കേണ്ടതാണ്.
3. പട്ടികവർഗ സമുദായത്തിൽപ്പെട്ടവർക്ക് മുൻഗണന ഉണ്ടായിരിക്കുന്നതാണ്.
4. താൽപ്പര്യമുള്ള വ്യക്തികൾ തങ്ങളുടെ ഫോട്ടോ, പൂർണ്ണമായ മേൽവിലാസം, ഫോൺ നമ്പർ, ഫോട്ടോ പതിച്ച ഏതെങ്കിലും തിരിച്ചറിയൽ കാർഡിന്റെ പകർപ്പ്, മുൻപരിചയം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ **എന്നിവ ഒരു കവറിലും** പ്രവൃത്തികൾ ചെയ്യുന്നതിനു ആവശ്യമായ തുകയുടെ വിവരങ്ങൾ **മറ്റൊരു**

കവറിലും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള താത്പര്യപത്രം, **രണ്ടു കവറുകളും കൂടി സീലു ചെയ്ത ഒരു കവറിലാക്കി** "ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് കിർടാഡ്സ്, ചേവായൂർ പി.ഒ കോഴിക്കോട്- **673017**" എന്ന മേൽവിലാസത്തിൽ അയക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് വികസന പഠനം ഡെപ്യൂട്ടി ഡയറക്ടറുടെ **9446738384** എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

5. താത്പര്യപത്രം സംബന്ധിച്ച അന്തിമ തീരുമാനം കിർടാഡ്സ് ഡയറക്ടറിൽ നിക്ഷിപ്തമാണ്.

6. സീലു ചെയ്ത കവറിന്റെ മുകളിൽ "ജ്വല്ലറി വർക്കിനുള്ള താല്പര്യപത്രം" എന്നെഴുതേണ്ടതാണ്.

Digitally signed by BINDU S
Date: 10-06-2026 16:25:05

ഡയറക്ടർ

പകർപ്പ്:

1. നോട്ടീസ് ബോർഡ്
(കിർടാഡ്സ് നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതിന്)

2. കമ്പ്യൂട്ടർ ഓപ്പറേറ്റർ, കിർടാഡ്സ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

3. ആഫീസ് പകർപ്പ്

4. കരുതൽ ഫയൽ